**Volume 06**
**Issue 41**
**06 March, 2016**
**Nombukalam V**

**Gen 16:6-16**
**Josh 9:16-27**
**Rom 12:1-11**
**Jn 8:12-20**




## ഈശോയിൽ വിശ്വസിച്ച് പരി. ആത്മാവിനെ സ്വീകരിക്കുക



Rev Bro Deepak Vattapalath

നോമ്പ് കാലത്തിന്റെ അഞ്ചാംഞായറിലാണ് നാം ഇന്ന് എത്തി നിൽക്കുക. ഈശോയുടെ പീഡാനുഭവും മരണവുമാണ് നോമ്പുകാലത്തിന്റെ പ്രധാന വിചിന്തന വിഷയങ്ങൾ. 50 ദിവസത്തെ നോമ്പ് ഒരു യാത്രയാണ്. ഈശോയുടെ പീഡാനുഭവമരണത്തിലേയ്ക്കുള്ള ഒരു യാത്ര. ഇതുപോലെ സുവിശേഷത്തിൽ ഈശോ മറ്റൊരു യാത്രയിലാണ്. ജറുസലേമിലേക്ക് തന്റെ കുരിശുമരണത്തെ ലക്ഷ്യമാക്കിയുള്ള യാത്ര. ഈ യാത്രയുടെ അവസാനത്തിൽ ജറുസലേമിൽ എത്തി നിൽക്കുന്ന ഈശോ ദേവാലയത്തിൽ പഠിപ്പിക്കുന്നതാണ് നാം ഇന്ന് സുവിശേഷത്തിൽ വായിച്ചു കേട്ടത്.

അമ്പത് നോമ്പ് ആചരിക്കുക എന്നത് നമ്മെ സംബന്ധിച്ചടത്തോളം വലിയബുദ്ധിമുട്ടുള്ള കാര്യമല്ല. കാരണം. നമ്മുക്കറിയാം നോമ്പിന്റെ അവസാനം ക്രൂശിക്കപ്പെടാൻ പോകുന്നതും സഹനങ്ങൾ ഏറ്റെടുക്കുന്നതും ഞാനല്ല, ക്രിസ്തുവാണ്. എന്നാൽ താൻ തന്നെയണ് ക്രൂശിക്കപ്പെടാൻ പോകുന്നതെന്നറിയാവുന്ന ഈശോയ്ക്ക് ജറുസലേമിലായിരിക്കുക എത്ര ക്ലേശകരമായിരിക്കും. എന്നാൽ ജറുസലേമിലായിരുന്നുകൊണ്ട് തന്റെ മരണത്തെയും മരണശേഷം നൽകപ്പെടാൻ പോകുന്ന പരിശുദ്ധാത്മാവിനെയും കുറിച്ചു പഠിപ്പിക്കുന്ന ഈശോയെ സുവിശേഷത്തിൽ നാം കാണുന്നു.

ഇന്നത്തെ സുവിശേഷം ആരംഭിക്കുന്നത് ജറുസലേം ദേവാലയത്തിൽ നടന്ന കൂടാരതിരുന്നാളിന്റെ പശ്ചാത്തലത്തിലാണ്. തിരുന്നാളിന്റെ അവസാന ദിവസം സിലോഹാ കുളത്തിൽ നിന്നും കുടത്തിൽ വെള്ളം കേരിക്കൊണ്ടുവന്ന് ദേവാലയത്തിൽ ക്ഷാളനം ചെയ്യുന്ന പതിവ് ഈ തിരുന്നാളിന്റെ പ്രധാന കർമ്മമായിരുന്നു.

ഇങ്ങനെ സീലോഹാ കുളത്തിൽ നിന്നും വെള്ളം കോരാൻ കൂടിനിൽക്കുന്ന ജനത്തോട് ഈശോ പറയുക "ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ അവർ എന്റെ അടുത്തു വന്ന് കുടിക്കട്ടെ എന്ന്" സീലോഹാ എന്ന വാക്കിന്റെ അർത്ഥം "അയ്ക്കപ്പെട്ടവൻ" എന്നാണ്. തങ്ങളുടെ കൃഷിക്കായി മഴയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സീലോഹാകുളത്തിൽ നിന്ന് വെള്ളം കോരുന്ന ജനത്തെ നോക്കി യഥാർത്ഥ അയക്കപ്പെട്ടവനായ ക്രിസ്തു തന്റെ അടുത്തേയ്ക്കു

വരാനും പരി. ആത്മാവു തരുന്ന അനുഗ്രഹം സ്വീകരിക്കുവാനും ആണ് ഇവിടെ പറയുക.

സുവിശേഷങ്ങളിൽ ഉടനീളം അനുഗ്രഹങ്ങൾ കൊടുത്തു വരുന്ന ഈശോയെയാണ് നാം കാണുക. എന്നാൽ തന്റെ മരണത്തോടടുത്ത് അവസാന നാളുകളിൽ തന്റെ ഏറ്റവും വലിയ അനുഗ്രഹമായ പരി. ആത്മാവിനെ വാഗ്ദാനം ചെയ്യുന്ന ഈശോ. എന്നിൽ വിശ്വസിക്കുന്നവനിൽ നിന്നു ജീവജലത്തിന്റെ ആരുവികൾ ഒഴുകും എന്നു പറഞ്ഞുകൊണ്ട് വിശ്വസിക്കുന്നവനാണ് ദൈവം പരി.ആത്മാവിനെ വാഗ്ദാനം ചെയ്യുക. അല്ലെങ്കിൽ വിശ്വാസമാണ് പരി. ആത്മാവിനെ സ്വീകരിക്കുവാൻ ഈശോ സുവിശേഷത്തിൽ കാട്ടിതരുന്ന വഴി.

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമാണ് വിശ്വാസം. മാനുഷികമായ രീതിയിൽ ചിന്തിക്കുമ്പോൾ ഒരു അസുഖം വന്ന് നാം ആശുപത്രിയിൽ പോകുമ്പോൾ ഡോക്ടറിൽ വിശ്വാസമുള്ളതുകൊണ്ടാണ് അദ്ദേഹം എഴുതിതരുന്ന മരുന്നുകൾ നാം വാങ്ങുകയും അങ്ങനെ നമ്മുടെ അസുഖം മാറുകയും ചെയ്യുന്നത്. ഇപ്രകാരം തന്നെ ഈശോയിൽ വിശ്വാസമുണ്ടെങ്കിൽ മാത്രമേ അവിടുന്നു നൽകുന്ന പരി. ആത്മാവിനെ നമ്മുക്കു സ്വീകരിക്കുവാനും അതുവഴി നമ്മുടെ ജീവിതം മെച്ചപ്പെടുത്താനും സാധിക്കു.

വി. ഗ്രന്ഥത്തിൽ ഉടനീളം വിശ്വസിച്ച് പരി. ആത്മാവിനെ സ്വീകരിക്കുന്ന വ്യക്തിത്വങ്ങളെ നമ്മുക്കു കാണാൻ സാധിക്കും ഇതാ കർത്താവിന്റെ ദാസി എന്നു പറഞ്ഞ് ദൈവവചനത്തിൽ വിശ്വസിച്ച് പരി. ആത്മാവിനെ സ്വീകരിച്ചവളാണ് പരി. അറിയം. പരി. അമ്മയുടെ ഉദരത്തിലെ ഈശോയെ വിശ്വസിച്ചുകൊണ്ട് പരി. ആത്മാവിനാൽ നിറഞ്ഞവളാണു എലിസബത്ത്. ഈശോയുടെ ഉത്ഥാനത്തിൽ വിശ്വസിച്ചുകൊണ്ട് സെഖിയോനിൽ വച്ച് പരി. ആത്മാവിനാൽ നിറഞ്ഞവരാണു ശ്ലീഹന്മാർ. ഇതേ ഈശോയിൽ വിശ്വസിച്ചുകൊണ്ട് പരി. ആത്മാവിനെ സ്വീകരിക്കുവാൻ കടപ്പെട്ടവരാണ് നാം. പക്ഷെ ക്രൈസ്തവരായ നമ്മെ സംബന്ധിച്ചടത്തോളം നമ്മുടെ അൽപ വിശ്വാസവും വിശ്വാസകുറവുമാണ് പരി. ആത്മാവിന്റെ പ്രവർത്തനം നമ്മിൽ പരിമിതപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ വിശ്വസിക്കുകയും അതിന്റെ ജീവജലം ഒഴുക്കുകയും ചെയ്യുന്നവരുടെ ഗണത്തിലല്ല പലപ്പോഴും നമ്മുടെ സ്ഥാനം. മറിച്ച് ജെറമിയ പ്രവാചകൻ പറയുന്നതുപോലെ ജീവജലത്തിന്റെ അരുവിയെ ഉപേക്ഷിക്കുകയും ജലം അധികമില്ലാത്ത പൊട്ടകിണറുകൾ കുഴിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിലാണു നാം. എന്നാൽ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് അവിടുത്തെ പരി. ആത്മാവിനെ സ്വീകരിക്കുവാനുള്ള അവസരമാണ് ഈ നോമ്പുകാലം.

ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ അവൻ എന്റെ അടുത്തുവന്ന് കുടിക്കട്ടെ എന്നു പറഞ്ഞുകൊണ്ടാണ് സുവിശേഷം ആരംഭിച്ചത്. എന്നാൽ ഇതേ ഈശോ തന്നെയാണ് കുരിശിൽ കിടന്നുകൊണ്ട് എനിക്കു ദാഹിക്കുന്നു എന്നു പറയുന്നതും. നാമോരുത്തരും പരി. ആത്മാവിനെ സ്വീകരിക്കുവാനുള്ള ദാഹമാണ് ഈശോയുടെ ദാഹം. അതിന് അവിടുന്നു പ്രതീക്ഷിക്കുന്നതോ അവിടുന്നിലുള്ള ആഴമായ വിശ്വാസവും.

ഓരോ വി.കുർബ്ബാനയിലും ഈശോയുടെ തിരു ശരീരരക്തത്തോടൊപ്പം അവിടുത്തെ പരി. ആത്മാവിനെയും അവിടുന്നു പ്രധാനം ചെയ്യുന്നുണ്ട്. അതിനാൽ ബലിയിൽ പ്രാർത്ഥിച്ച് ഈശോയിൽ വിശ്വസിച്ച് നമ്മുക്ക് പരി. ആത്മാവിനെ സ്വീകരിക്കാം. അതിനുള്ള കൃപയ്ക്കായി നമ്മുക്കി ബലിയിൽ പ്രാർത്ഥിക്കാം.